**Deepika**

**25 August 2018**

**Varapuzha; Flood, Flood Relief**

കിട്ടിയത് ഏഴു ദിവസത്തിനുശേഷം

# 13 കിലോമീറ്റർ ഒഴുകിപ്പോയ പശുവിനെ തിരികെ ലഭിച്ചു



ഗൗരിയെ പരിപാലിക്കുന്ന ചാലാശേരിൽ വിജയൻ.

പിറവം: പുഴയിലൂടെ ഒഴുകിപ്പോയ പശുവിനെ ഏഴുദിവസത്തിനുശേഷം ഉടമയ്ക്കു തിരികെ ലഭിച്ചു. ചാലാശേരിൽ വിജയനും ഭാര്യ ആശയും വളർത്തിയിരുന്ന ഗൗരി എന്ന പശുവിനെയാണ് പ്രളയദിനങ്ങൾക്കു ശേഷം തിരികെകിട്ടിയത്.

പുഴയോര മേഖലയായ തോട്ടഭാഗത്തുനിന്ന് കഴിഞ്ഞ 17നാണ് പ്രളയത്തിൽ പശു ഒഴുകിപ്പോയത്. 13 കിലോമീറ്ററോളം പുഴയിലൂടെ ഒഴുകിയ പശുവിനെ സമീപ ജില്ലയായ കോട്ടയത്തെ വരിക്കാംകുന്നു നിവാസികളാണ് രക്ഷിച്ച് കരയ്ക്കെത്തിച്ചത്.

എറണാകുളം ഐഎംഎ ബ്ലഡ് ബാങ്കിൽ ഉദ്യോഗസ്ഥനായ വിജയൻ വീടിനടുത്തേക്ക് വെള്ളമെത്തി തുടങ്ങിയപ്പോൾ തന്നെ ഗൗരിയെ സമീപത്തെ തറവാട്ടുപറമ്പിലേക്കു മാറ്റി കെട്ടിയിരുന്നു. എന്നാൽ അവിടെയും വെള്ളം കയറുമെന്ന നിലയിൽ പശുവിന്റെ കയർ മുറിച്ചു മാറ്റിയശേഷം വിജയനും കുടുംബവും വള്ളത്തിൽ രക്ഷപ്പെടുകയായിരുന്നു. അഞ്ചുമാസം ഗർഭിണിയായിരുന്ന മൂന്നു വയസുകാരി പശുവിനെ നിവൃത്തിയില്ലാതെയാണ് ഇവർ ഉപേക്ഷിച്ചുപോയത്. എവിടെയെങ്കിലും ചെന്നുപെട്ട് ആരെങ്കിലും വളർത്തണമെന്നും പ്രാർഥിച്ചിരുന്നു. പ്രാർഥന ദൈവം കേട്ട പോലെയാണ് വരിക്കാംകുന്നുകാർ ഗൗരിയെ കരയ്ക്കെത്തിച്ചത്.

പുഴയിലൂടെ പശു ഒഴുകിവരുന്നതു കണ്ട ശരത് എന്ന യുവാവാണ് നീന്തിച്ചെന്ന് ഇതിനെ കരയ്ക്കെത്തിച്ചത്. ദുരിതാശ്വാസ ക്യാമ്പ് സ്ഥിതി ചെയ്യുന്ന എൻഎസ്എസ് കരയോഗം ഗ്രൗണ്ടിൽ ഇതിനെ പാർപ്പിക്കുകയും ചെയ്തു. പശു നഷ്ടപ്പെട്ട വിവരം വിജയന്റെ ബന്ധു ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തതുകണ്ടാണ് പശുവിനെ ലഭിച്ച വിവരം വരിക്കാംകുന്നുകാർ ഫോണിൽ അറിയിച്ചത്.

ഇന്നലെയാണ് ഗൗരിയെ പിറവത്തെ വീട്ടിലേക്കു കൊണ്ടുവന്നത്. ഏഴുദിവസത്തിനുശേഷം തിരിച്ചെത്തിയ ഗൗരിയെ വിജയന്റെ വീട്ടുകാർ ഏറെ ആഹ്ലാദത്തോടെയാണ് എതിരേറ്റത്. കുടുംബാംഗത്തെപോലെ പരിപാലിച്ചിരുന്ന പശുവിനെ തിരികെ കിട്ടിയതിന്റെ ആഹ്ലാദത്തിലാണ് വിജയനും വീട്ടുകാരും.